16
ജൂൺ
തിങ്കൾ 2025

# കാലികം

സ്പെഷ്യൽ പതിപ്പ്

SIHSS UMMATHUR




പ്രവേശനോത്സവം തൂണേരി ബ്ലോക്ക് തല ഉദ്ഘാടനം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ പി വനജ നിർവഹിക്കുന്നു

## ഇന്ന് അവധി

കോഴിക്കോട് ജില്ലയിൽ റെഡ് അലർട്ട് പ്രഖ്യാപിച്ച സാഹചര്യത്തിൽ ഇന്ന് സ്കൂളുകൾക്ക് ജില്ലാ കലക്ടർ അവധി പ്രഖ്യാപിച്ചു. അങ്കണവാടികൾ, മദ്രസകൾ, ട്യൂഷൻ സെന്ററുകൾ തുടങ്ങിയവയ്ക്കും അവധി ബാധകമായിരിക്കുമെന്ന് ജില്ലാ കലക്ടർ അറിയിച്ചു. കാസർകോട്, കണ്ണൂർ, വയനാട്, മലപ്പുറം, പാലക്കാട്, തൃശൂർ, എറണാകുളം, കോട്ടയം, ഇടുക്കി, പത്തനംതിട്ട എന്നീ ജില്ലകളിലും ഇന്ന് അവധിയാണ്

# ആഘോഷമായി സ്കൂൾ പ്രവേശനോത്സവം

ഉമ്മത്തൂർ എസ് ഐ ഹയർ സെക്കണ്ടറി സ്കൂളിൽ നടന്ന സ്കൂൾ പ്രവേശനോത്സവം ആഘോഷമായി മാറി.പ്രവേശനോത്സവത്തിന്റെ തൂണേരി ബ്ലോക്ക് തല ഉദ്ഘാടനം ഉമ്മത്തൂർ എസ് ഐ ഹയർ സെക്കണ്ടറി സ്കൂളിൽ തൂണേരി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ പി വനജ നിർവഹിച്ചു. മാനേജർ പ്രൊഫ: പി മമ്മു സാഹിബ് അധ്യക്ഷത വഹിച്ചു. എട്ടാം ക്ലാസിലെ പാഠപുസ്തക വിതരണം ചെക്യാട് പഞ്ചായത്ത് പ്രസിഡന്റ് നസീമ കൊട്ടാരത്തിൽ ഉദ്ഘാടനം ചെയ്തു. ബ്ലോക്ക് പ്രോഗ്രാം ഓഫീസർ കെ സജീവൻ പ്രവേശനോത്സവ സന്ദേശം നൽകി. ബ്ലോക്ക് പഞ്ചായത്ത് മെമ്പർ കെ ദ്വിര, ഗ്രാമ പഞ്ചായത്ത് മെമ്പർ ടികെ ഖാലിദ് മാസ്റ്റർ, പ്രിൻസിപ്പൽ പിടി അബ്ദുറഹിമാൻ, ആർ പി ഹസൻ, കെ സി റഷീദ്മാസ്റ്റർ, ടി എ സലാം, ഷഫീഖ് വാച്ചാൽ, കെ ജിജി, കെ രഞ്ജിനിടീച്ചർ,എം




പ്രശാന്ത്മാസ്റ്റർ, എം പി സലീം മാസ്റ്റർ, അസ്ലം കളത്തിൽ, കുറ്റിയിൽ കുഞ്ഞബ്ദുല്ലമാസ്റ്റർ എന്നിവർ പ്രസംഗിച്ചു. ഹെഡ് മാസ്റ്റർ കെ കെ ഉസ്മാൻ സ്വാഗതവും സ്റ്റാഫ് സെക്രട്ടറി ടി ബി മനാഫ്മാസ്റ്റർ നന്ദിയും പറഞ്ഞു.

കുട്ടികളുടെ കലാപരിപാടികളും പായസ വിതരണവും നടന്നു. ഗായകൻ അജീഷ് കല്ലാച്ചി നയിച്ച ഗാനമേള ചടങ്ങിന് കൊഴുപ്പേകി.





# പരിസ്ഥിതി ദിനത്തിൽ മാതൃകാപരമായ പ്രവർത്തനവുമായി കുട്ടികൾ



പരിസ്ഥിതി ദിനത്തിൽ മാതൃകാപരമായ പ്രവർത്തനവുമായി ഉമ്മത്തൂർ എസ് ഐ ഹയർ സെക്കണ്ടറി സ്കൂളിലെ കുട്ടികൾ. പരിസ്ഥിതിദിന യാതയുടെ ഭാഗമായി കുട്ടികൾ വയനാട് ചുരം ശുചീകരിച്ച് പ്ലാസ്റ്റിക് മാലിന്യങ്ങൾ ഹരിത കർമസേനക്ക് കൈമാറി. സയൻസ് ക്ലബ്ബ്, സ്കൗട്ട് ആൻഡ് ഗൈഡ്, ജെ ആർ സി എന്നിവയുടെ നേതൃത്വത്തിൽ നടന്ന പരിസ്ഥിതിദിന യാത്ര കുറ്റ്യാടി ചുരത്തിൽ പക്രന്തളത്ത് വെച്ച്  ചെക്യാട് ഗ്രാമ പഞ്ചായത്ത് മെമ്പർ ടി കെ ഖാലിദ് മാസ്റ്റർ ഉദ്ഘാടനം ചെയ്തു. പക്രന്തളം മുതൽ ചാത്തങ്കോട്ട് നട വരെ നടന്ന യാത്രയുടെ ഭാഗമായി കുറ്റ്യാടി ചുരത്തിലെ ഇരുവശത്തെയും പ്ലാസ്റ്റിക് മാലിന്യങ്ങൾ വിദ്യാർത്ഥികൾ നീക്കം ചെയ്തു. ശേഖരിച്ച മാലിന്യങ്ങൾ കാവിലുമ്പാറ ഗ്രാമപഞ്ചായത്ത് ഓഫീസിൽ വെച്ച് ഹരിത കർമസേന ഏറ്റുവാങ്ങി. കാവിലുമ്പാറ ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട് പി ജി ജോർജ് മാസ്റ്റർ ചടങ്ങ് ഉദ്ഘാടനം ചെയ്തു. എം പ്രശാന്ത്മാസ്റ്റർ, സത്യൻ നീലിമ, അസ്‌ലം കളത്തിൽ, കെ അനൂപ് കുമാർ, വികെ അസ്മടച്ചർ , എം ആയിഷടീച്ചർ, ടി കെ ആമിനടീച്ചർ, ടി മുഹമ്മദ് ഷബീർ, അസിൽ അസീർ, മർവ്വ അഹമ്മദ്, സന ഫാത്തിമ എന്നിവർ പ്രസംഗിച്ചു. സ്റ്റുഡൻസ് പോലീസ് കേഡറ്റുകൾ സംഘടിപ്പിച്ച പരിസ്ഥിതിദിന ക്യാമ്പയിൻ ഹെഡ് മാസ്റ്റർ കെ കെ ഉസ്മാൻ



ഉദ്ഘാടനം ചെയ്തു. പരിസ്ഥിതി സംരക്ഷിക്കേണ്ട ആവശ്യകതയെക്കുറിച്ചും പ്ലാസ്റ്റിക് മാലിന്യങ്ങളുടെ അപകടത്തെക്കുറിച്ചും എല്ലാ ക്ലാസ്സുകളിലും ബോധവൽക്കരണം നടത്തി.

എൻ എസ് എസ് , ഭാരത് സ്കൗട്ട് ഗൈഡ് റോവർ റൈഞ്ചർ യൂനിറ്റ് എന്നിവയുടെ ആഭിമുഖ്യത്തിൽ നടന്ന പരിസ്ഥിതി ദിനാചരണം ചെക്യാട് ഗ്രാമ പഞ്ചായത്ത് വൈസ് പ്രസിഡണ്ട് പായന്റവിട മൂസ ഉദ്ഘാടനം ചെയ്തു. കൃഷി ഓഫീസർ ടി എസ് ഭാഗ്യലക്ഷ്മി, പ്രിൻസിപ്പൽ പി ടി അബ്ദുറഹിമാൻ, ഇ അബ്ദു റസാഖ് മാസ്റ്റർ , ടി കെ ജാബിർ മാസ്റ്റർ, എം ടി രേണുകടീച്ചർ, മുഹമ്മദ് താനിയറ്റ, ദീപടീച്ചർ, സിദ്ദീഖ്മാസ്റ്റർ, ടി നവാസ് മാസ്റ്റർ, വി താജു മാസ്റ്റർ, മുഹമ്മദ് ടി പി, ഫാദിൽ അഷ്റഫ്, ആയിഷ, ഫാത്തിമ, ഷമ്മാസ് പി പി, മുഹമ്മദ് റിഷാൻ പി പി തുടങ്ങിയവർ പ്രസംഗിച്ചു. പരിസ്ഥിതി ദിനപ്രതിജ്ഞ, ഫലവൃക്ഷത്തൈനടീൽ തുടങ്ങിയവയും പരിസ്ഥിതി ദിനാചരണത്തിന്റെ ഭാഗമായി നടന്നു.







## ലിറ്റിൽ കൈറ്റ്സ് അംഗത്വം: അവസാന തീയ്യതി നാളെ

ലിറ്റിൽ കൈറ്റ്സ് ക്ലബ്ബുകളിൽ അംഗത്വത്തിന് എട്ടാംക്ലാസുകാർക്ക് അപേക്ഷിക്കാനുള്ള അവസാന തീയ്യതി നാളെ(ജൂൺ 17 വരെ) യാണ്. തിരഞ്ഞെടുക്കാനുള്ള അഭിരുചി പരീക്ഷ സംസ്ഥാനതലത്തിൽ 25-ന് നടക്കും. സോഫ്റ്റ്വേർ അധിഷ്ഠിതമായി നടത്തുന്ന അരമണിക്കൂർ ദൈർഘ്യമുള്ള അഭിരുചിപരീക്ഷയിൽ ലോജിക്കൽ-ഗണിതം, പ്രോഗ്രാമിങ്, അഞ്ച്, ആറ്, ഏഴ് ക്ലാസുകളിലെ ഐടി പാഠപുസ്തകം, ഐടി മേഖലയിലെ പൊതുവിജ്ഞാനം എന്നീ മേഖലകളിൽനിന്ന് ചോദ്യങ്ങളുണ്ടാകും. പരീക്ഷയ്ക്ക് തയ്യാറാകുന്നവർക്കായി പ്രത്യേകക്ലാസുകൾ കൈറ്റ് വിക്ടേഴ്സ് ചാനൽവഴി സംപ്രേഷണംചെയ്യുന്നുണ്ട്. അംഗങ്ങളാകുന്നവർക്ക് റോബോട്ടിക്സ്, ആനിമേഷൻ, മലയാളം കംപ്യൂട്ടിങ്, സൈബർസുരക്ഷ, മൊബൈൽ ആപ്പ് നിർമാണം, പ്രോഗ്രാമിങ്, ഇ-ഗവേണൻസ്, ഹാർഡ്‌വേർ തുടങ്ങിയ മേഖലകളിൽ പരിശീലനം നൽകും. പുതിയതായി യൂണിറ്റുകൾക്ക് വിതരണംചെയ്തിട്ടുള്ള ആർഡിനോ കിറ്റ് പ്രയോജനപ്പെടുത്തിയുള്ള റോബോട്ടിക്സ് പ്രവർത്തനങ്ങളും ബ്ലെൻഡർ സോഫ്റ്റ്‌വെയർ പ്രയോജനപ്പെടുത്തിയുള്ള ത്രീഡി ആനിമേഷൻ തയ്യാറാക്കൽ തുടങ്ങിയവയും ഈവർഷത്തെ പ്രധാന പ്രവർത്തനങ്ങളായിരിക്കും.

ലിറ്റിൽ കൈറ്റ്സ് അംഗങ്ങളിൽ എ ഗ്രേഡ് നേടുന്നവർക്ക് പത്താംക്ലാസ് പരീക്ഷയിൽ ഗ്രേസ് മാർക്ക് അനുവദിച്ചിട്ടുണ്ട്. കൈറ്റ് നടപ്പാക്കുന്ന ഇന്ത്യയിലെ കുട്ടികളുടെ ഏറ്റവും വലിയ ഐടി കൂട്ടായ്മയായ 'ലിറ്റിൽ കൈറ്റ്സ്" ക്ലബ്ബിൽ ഇതുവരെ 4.9 ലക്ഷം കുട്ടികൾ അംഗങ്ങളായിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്ക് 9447427903 എന്ന നമ്പറിൽ ബന്ധപ്പെടേണ്ടതാണെന്ന് കൈറ്റ് മാസ്റ്റർ അറിയിച്ചു.

# ലിറ്റിൽ കൈറ്റ്സ് അവധിക്കാലക്യാമ്പ്



ലിറ്റിൽ കൈറ്റ്സ് യൂനിറ്റിന്റെ അവധിക്കാലക്യാമ്പ് വാർഡ് മെമ്പർ ടി കെ ഖാലിദ് മാസ്റ്റർ ഉദ്ഘാടനം ചെയ്തു. മീഡിയട്രൈനിംഗ് എന്ന വിഷയത്തിലാണ് ക്യാമ്പിൽ പരിശീലനപരിപാടി നടത്തിയത്. ഒമ്പതാം ക്ലാസിലെ ലിറ്റിൽ കൈറ്റ്സ്




യൂണിറ്റിലെ മുഴുവൻ കുട്ടികൾക്കും ഡിജിറ്റൽ ഡോക്യുമെന്റേഷൻ, വീഡിയോ എഡിറ്റിംഗ് എന്നിവയിൽ അഭിരുചി പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് ക്യാമ്പ് സംഘടിപ്പിച്ചത്. ഹെഡ് മാസ്റ്റർ കെ കെ ഉസ്മാൻ അധ്യക്ഷത വഹിച്ചു. രാവിലെ മുതൽ വൈകുന്നേരം വരെ നീണ്ടുനിന്ന ഏകദിനക്യാമ്പ് ആണ് നടത്തിയത്. സാമൂഹികമാധ്യമം, വീഡിയോ പ്രൊഡക്ഷൻ, സ്ട്രീമിങ് പ്ലാറ്റ്ഫോമുകൾ, വീഡിയോ എഡിറ്റിങ് എന്നീ വിഷയങ്ങളിൽ ക്ലാസ് നടന്നു. റീൽ നിർമാണം, പ്രമോനിർമാണം, ക്യാമറ കൈകാര്യം ചെയ്യാനുള്ള പരിശീലനം, ഫോട്ടോഗ്രഫി, വീഡിയോ എഡിറ്റിംഗ്, തൊഴിൽസാധ്യതകളെക്കുറിച്ചുള്ള പരിചയപ്പെടുത്തൽ എന്നിവ ക്യാമ്പിന്റെ ഭാഗമായി നടന്നു.

## പരിസ്ഥിതിദിന ക്വിസ് ജേതാക്കൾ



ശിവാനി കെടികെ



സാൻലിയ R ദിനേശ്

സയൻസ് ക്ലബ്ബ് നടത്തിയ പരിസ്ഥിതി ദിന ക്വിസ് മത്സരത്തിൽ ശിവാനി കെടികെ 8A ഒന്നാം സ്ഥാനവും സാൻലിയ ആർ ദിനേശ് 8D രണ്ടാം സ്ഥാനവും അൽവിന കെ 8A, തമന്ന സിറാജ് 10G, ഹസ്ന സ്വദഫ് 10D എന്നിവർ മൂന്നാം സ്ഥാനവും നേടി.

# മെഗാ മഹന്തി ഫെസ്റ്റ്



ഉമ്മത്തൂർ എസ് ഐ ഹയർ സെക്കൻഡറി സ്കൂൾ പ്രവൃത്തി പരിചയ ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ബലിപെരുന്നാൾ ആഘോഷത്തിന്റെ ഭാഗമായി മെഗാ മഹന്തി ഫെസ്റ്റ് സംഘടിപ്പിച്ചു. 21 ടീമുകൾ പങ്കെടുത്ത മത്സരത്തിൽ 8, 9, 10 എന്നീ വിഭാഗങ്ങളായാണ് മത്സരം നടന്നത്. എട്ടാം തരത്തിൽ ആയിഷ ടി കെ , തൻസ നൂരിയ എന്നിവർ ഒന്നാം സ്ഥാനവും അംന ഫാത്തിമ , ഹന്ന ശദ എന്നിവർ രണ്ടാം സ്ഥാനവും സഹ്റ ഫാത്തിമ, ഫാതിമ നസ്റിൻ എന്നിവർ മൂന്നാം സ്ഥാനവും നേടി. ഒമ്പതാം തരത്തിൽ സന സുബൈർ,  ഹനിയ എന്നിവർ ഒന്നാം സ്ഥാനവും റിഹാന, ഹനിയ എന്നിവർ രണ്ടാം സ്ഥാനവും ഷസ ഫാത്തിമ, ഷദ എന്നിവർ മൂന്നാം സ്ഥാനവും നേടി. പത്താം തരത്തിൽ ഫിദ ഫാത്തിമ, ഷദ എന്നിവർ ഒന്നാം സ്ഥാനവും നഹല തബിയ , നൗറ എന്നിവർ രണ്ടാം സ്ഥാനവും മിൻഹ ഫാത്തിമ, ജസ്ന എന്നിവർ മൂന്നാം സ്ഥാനവും നേടി.